**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 593** **23-02-2022 - ൽ മറുപടിയ്ക്ക്**

**മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണന പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാർഷികാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണന പ്രോത്സാഹനത്തിനായി വ്യവസായ വാണിജ്യ വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (എ) | ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംസ്കരണ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനുള്ള കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ പ്രൈം മിനിസ്റ്റേഴ്സ് ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എന്റർപ്രൈസസ് (PMFME) എന്ന പദ്ധതി വ്യവസായ വകുപ്പിന്റെ മേൽനോട്ടത്തിൽ നടത്തി വരുന്നു. കാർഷികാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രാധാന്യം കൂടി കണക്കിലെടുത്ത് വ്യവസായ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതിയിൽ ഭക്ഷ്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് 10% സബ്സിഡി പരമാവധി 10 ലക്ഷം രൂപ വരെ അധിക ധനസഹായം നൽകി വരുന്നുണ്ട്. കൂടാതെ കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ മേഖലയിലെ വിപണന സാധ്യത മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന തലത്തിൽ അഗ്രോ ഫുഡ് പ്രോ എക്സിബിഷൻ നടത്തി വരുന്നു. കൂടാതെ ജില്ലാ തലങ്ങളിൽ നടത്തി വരുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക എക്സിബിഷനുകളിൽ ഭക്ഷ്യ സംസ്കരണ മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ